Mangalam 200
July 8 Wednesda

# നാടിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് പോൾ തോമസും ഇസാഫും

■ സ്വന്തം ലേഖകൻ
തൃശൂർ

നാടിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള ഇസാഫിന്റെയും സ്ഥാപക എക്സിക്യൂട്ടീവ് ഡയറക്ടർ കെ. പോൾ തോമസിന്റെയും സേവനപ്രവർത്തനങ്ങൾ 18-ാം വർഷത്തിലേക്ക്.

മാർക്കറ്റിംഗ് മേഖലയിലെ ഔദ്യോഗിക വേഷം ഉപേക്ഷിച്ച് 1992ൽ കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂരിൽ കെ.പോൾ തോമസും തന്റെ സുഹൃത്തായ ജേക്കബ് സാമുവലും ചേർന്നാണ് ഇവാഞ്ചലിക്കൽ സോഷ്യൽ ആക്ഷൻ ഫോറത്തിനു(ഇസാഫ്) തുടക്കമിടുന്നത്.

ജനകീയ സംരംഭങ്ങളിലൂടെ വരുമാനം, അതിലൂടെ പാവപ്പെട്ടവന്റെ ഉന്നമനം- അതാണ് ഇസാഫിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിനകം 400 കോടി രൂപ പാവപ്പെട്ടവർക്ക് വായ്പയായി നൽകി. വിവിധ ബാങ്കുകളിൽനിന്നും ധനകാര്യസ്ഥാപനങ്ങളിൽനിന്നും കടമെടുക്കുന്ന പണം തന്നെയാണ് സ്വാശ്രയസംഘങ്ങളിലൂടെ പാവപ്പെട്ടവന്റെ കൈകളിലെത്തിക്കുന്നത്. എന്നാൽ ഈട്, ജാമ്യം തുടങ്ങിയവ ഒഴിവാക്കുന്നു. പരസ്പര വിശ്വാസമാണ് ഇവിടെ ജാമ്യം. സംഘാംഗങ്ങളിൽ ഭൂരിഭാഗവും പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകളാണ്.

ചെറുകിടവികസന സംരംഭങ്ങൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, ആരോഗ്യസംരക്ഷണം, ഉത്പാദന-വിപണനമേഖല, മാനവവിഭവശേഷി വികസനം, ഇൻഷുറൻസ് തുടങ്ങിയവയാണ് മുഖ്യമായും ഇസാഫിന്റെ പ്രവർത്തനമേഖലകൾ.

നോബൽ സമ്മാന ജേതാവ് പ്രൊഫ. മുഹമ്മദ് യൂനസിന്റെ ബംഗ്ലാദേശ് ഗ്രാമീൺ ബാങ്കാണ് ഈ രംഗത്ത് ഇസാഫിന്റെ മാതൃക. ഒരു പ്രദേശത്തെ പാവപ്പെട്ട അഞ്ചുപേരെ കണ്ടെത്തുകയാണ് ആദ്യം ചെയ്യുന്നത്. ഇവരടങ്ങുന്ന സ്വാശ്രയസംഘം രൂപീകരിക്കുന്നു. സംഘാംഗങ്ങളുടെ പരസ്പരവിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് വായ്പ നൽകുന്നത്.



■ പോൾ തോമസ്.

കൃഷി, കന്നുകാലി വളർത്തൽ, ഭക്ഷ്യ ഉത്പാദനം, ഔഷധ സസ്യകൃഷി, മറ്റു ചെറുകിട സംരംഭങ്ങൾ, കരകൗശല-കുടിൽവ്യവസായങ്ങൾ തുടങ്ങിയവയ്ക്ക് വായ്പയും പരിശീലനവും നൽകുന്നു. അഞ്ച് സ്വാശ്രയ ബസാറുകൾ ഇസാഫിനുണ്ട്. പ്രേരണ ഹാൻഡി ക്രാഫ്റ്റ്സ് എന്ന പേരിലുള്ള ഇസാഫിന്റെ കരകൗശല നിർമാണരംഗം ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

സഹകരണ അടിസ്ഥാനത്തിൽ രൂപം നൽകിയിട്ടുള്ള ഇസാഫിന്റെ സ്വാശ്രയ പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡ് ഗുണഭോക്താക്കളുടെ ഉത്പന്നങ്ങൾക്ക് ലോകവിപണി ലഭ്യമാക്കുന്നു. ഉത്പാദകർക്കുപുറമെ അവരുടെ സംഘങ്ങൾക്കും പ്രാഥമിക സഹകരണ സംഘങ്ങൾക്കും വിപണനസഹകരണസംഘങ്ങൾക്കും ഇതിൽ ഓഹരി നൽകുന്നു. ഡിവിഡൻഡിനും രക്ഷാധികാരബോണസിനുമെല്ലാം അവർ അർഹരാണ്.

ആരോഗ്യ സംരക്ഷണമേഖലയിലെ ഇസാഫിന്റെ സംരംഭങ്ങളായ തച്ചമ്പാറ, കൊഴിഞ്ഞാമ്പാറ എന്നീ രണ്ടു ആശുപത്രികളിൽ അംഗങ്ങൾക്ക് ചികിത്സാകിഴിവുണ്ട്.

ദുരിതാശ്വാസപ്രവർത്തകസംഘം, പാവപ്പെട്ടവർക്ക് വൈദ്യസഹായം, പഠനസഹായം , ചാരിറ്റി ഫണ്ട് എന്നിവയും ഇസാഫിനുണ്ട്. ജലനിധി, ജീവധാര പുനരധിവാസം, ബയോഗ്യാസ്, പ്രകൃതി വിഭവസംരക്ഷണം, ശുദ്ധജല സംഭരണം, സസ്യസംരക്ഷണം തുടങ്ങിയവ ഇസാഫ് ഏറ്റെടുത്തു നടത്തുന്നു.

സ്റ്റാർ ഹെൽത്ത് എന്ന ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് ഇസാഫ് നടത്തുന്ന ഇൻഷുറൻസ് സ്കീമുകൾക്ക് മൈക്രോ ഇൻഷുറൻസ് പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഗ്രാമീണ ജനതയുടെ വിദ്യാഭ്യാസ പുരോഗതിക്കായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ പ്ലാനിംഗ് ആൻഡ് ഡെവലപ്മെന്റ് എന്ന പ്രത്യേക വിഭാഗം ഇസാഫിനുണ്ട്. സെന്റർ ഫോർ എക്സലൻസ് എന്ന ഉപവിഭാഗം സാങ്കേതികവും തൊഴിൽപരവുമായ പരിശീലനങ്ങൾ നൽകുന്നു. പുകയില, മദ്യം, മയക്കുമരുന്ന്, എയ്ഡ്സ് എന്നിവയ്ക്കെതിരായ ബോധവത്കരണവും സജീവമായി നടന്നുവരുന്നു.

14736 സംഘങ്ങളിലായി 2,28,301 അംഗങ്ങളുള്ള ഒരു മഹത് സ്ഥാപനമായി ഇസാഫിനെ വളർത്താൻ പോൾ തോമസിന്റെ നേതൃത്വത്തിന് കഴിഞ്ഞിരിക്കുന്നു. മണ്ണുത്തിയിലാണ് ഹെഡ് ഓഫീസ്. ജേക്കബ് സാമുവലും ജോർജ് തോമസും ഇസാഫിന്റെ മുഴുവൻ സമയ ഡയറക്ടർമാരാണ്. പ്രൊഫ. എലിസബത്ത് ജോണിന്റെ നേതൃത്വത്തിലുള്ള സാമൂഹ്യപ്രവർത്തകരും സാങ്കേതികവിദഗ്ധരുമടങ്ങുന്ന ഡയറക്ടർ ബോർഡാണ് പ്രവർത്തനങ്ങൾക്ക് ചുക്കാൻ വഹിക്കുന്നത്.

അഞ്ചുവർഷത്തിനുള്ളിൽ 10 ലക്ഷം കുടുംബങ്ങളെ അംഗങ്ങളായി ചേർക്കുക എന്ന ലക്ഷ്യത്തിലാണ് ഇന്ന് ഇസാ
വടക്കുഞ്ചേരി കിഴക്കഞ്ചേരി
ടമ്പേലിൽ തോമസിന്റെയും
ച്ചാമ്മയുടെയും മൂത്തമകനാ
പോൾ തോമസ്. ഭാര്യ മെറ
യും മക്കളായ എമി, അലോ
അഭിഷേക്, ആശിഷ് എന്ന
രും സജീവമായി പോളിനൊ
മുണ്ട്.

വ്രട്ടുചൊറിയോ ചിരങ്ങോ എന്തുമാകട്ടെ
ബി-ടെക്സ് ഓയിന്റ്മെന്റ്
ഫലപ്രദമായി ആശ്വാസമേകുന്നു

Diocese of Kottappuram
PRESENTATION COLLEG
PUTHENVELIKARA P.O.
ERNAKULAM DIST., KERALA-683 5
(Affiliated to M.G. University)
Invites application for full
job oriented P.G. Program
M.Com. (e-Commerce), MTA
M.Sc. (Bio-Tech) & B.L.I.Sc
Have the form from office-Conta
0484-2485400 (Off)
2460820 (Res), 0480-281251

താരൻ പോകാൻ
മുടി വളരാൻ
Rs.125
Rs.79
മാത്ര